**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3394** **15-02-2024 - ൽ മറുപടിയ്ക്ക്**

**ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ടൈപ്പ് വൺ പ്രമേഹം അടക്കമുള്ള ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളുടെ വിശദമായ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | എങ്കിൽ ഇത്തരത്തിലുള്ള കുട്ടികൾക്കായി എന്തൊക്കെ ക്രമീകരണങ്ങളാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | 1. ഇൻസുലിൻ എടുക്കുന്ന കുട്ടികൾക്ക് വൃത്തിയുള്ളതും സ്വകാര്യതയുള്ളതുമായ മുറി/ സ്ഥലം സ്കൂളിൽ നിർബന്ധമായും ഒരുക്കേണ്ടതാണ്.<br><br>2. ടൈപ്പ് വൺ പ്രമേഹമുള്ള ഒരു കുട്ടിക്ക് ഉച്ചക്ക് മുൻപും വൈകുന്നേരവും ലഘുഭക്ഷണംകഴിക്കുന്നതിന് വേണ്ടിയുള്ള സൗകര്യങ്ങൾ ക്ലാസ് ടീച്ചർ ചെയ്ത് കൊടുക്കേണ്ടതാണ്.<br><br>3. ടൈപ്പ് വൺ പ്രമേഹമുള്ള കുട്ടികൾക്ക് അവരുടെ സ്കൂൾ പരീക്ഷകൾക്കും മറ്റ് മത്സരപരീക്ഷകൾക്കും താഴെപറയും പ്രകാരം ആവശ്യമായ അനുവാദങ്ങൾ നൽകിയിട്ടുണ്ട്.<br><br>പഞ്ചസാര ഗുളികകൾ കൈവശം കരുതുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.<br><br>ടൈപ്പ് വൺ പ്രമേഹമുള്ള കുട്ടികൾ മരുന്നുകൾ/ പഴങ്ങൾ, ലഘുഭക്ഷണങ്ങൾ, കുടിവെള്ളം, ബിസ്കറ്റ്, നിലക്കടല, ഡ്രൈഫ്രൂട്ട്സ് എന്നിവ പരീക്ഷാ ഹാളിൽ കൊണ്ടുവരുന്നതിന് അനുവദിക്കുകയും ഈ വക സാധനങ്ങൾ ഇൻവിജിലേറ്റർ / അധ്യാപകൻ പരിശോധിച്ച് കുട്ടികളുടെ കൈവശം തന്നെ സൂക്ഷിക്കുവാൻ അനുവദിക്കുകയും, ആവശ്യമെങ്കിൽ ആയവ പരീക്ഷാ സമയത്ത് കുട്ടികൾക്ക് ഭക്ഷിക്കുന്നതിനുള്ള അനുവാദവും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ടൈപ്പ് വൺ പ്രമേഹം ഉള്ള കുട്ടികൾക്ക് ഗ്ലൂക്കോമീറ്റർ, ഗ്ലൂക്കോസ് ടെസ്റ്റിങ്ങ് സ്ട്രിപ്പ് എന്നിവ പരീക്ഷാ ഹാളിൽ കൊണ്ടു പോകുന്നതിനുള്ള അനുവാദം നൽകുകയും അ( ഇൻവിജിലേറ്റർ/ അദ്ധ്യാപകൻ വശം സൂക്ഷിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഇത്തരം കുട്ടികൾക്ക് പരീക്ഷയ്ക്ക് ഇടയിൽ ആവശ്യമെങ്കിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് പരിശോധിക്കാനും ആഹാര വസ്തുക്കൾ ആവശ്യാനുസരണം കഴിക്കാനും കുട്ടിയെ അനുവദിക്കുന്നുണ്ട്<br><br>(Continous Glucose Monotoring (CGM), Flash Glucose Monotoring (FGM), ഇൻസുലിൻ പമ്പുകൾ എന്നിവ പരീക്ഷാ വേളയിലും ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഒരു സ്മാർട്ട് ഫോൺ റീഡറായ ഉപയോഗിക്കുക യാണെങ്കിൽ, രക്തത്തിലെ പഞ്ചസാരയുടെ അളവ് നിരീക്ഷിക്കാൻ അത് അധ്യാപകൻ/ ഇൻവിജിലേറ്റർക്ക് കൈമാറുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>4. കുട്ടിക്ക് വൈദ്യസഹായം ആവശ്യമെന്ന് തോന്നുന്ന വേളയിൽ രക്ഷകർത്താവിനെവിവരം അറിയിക്കേണ്ടതും അടിയന്തരമായി അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ<br><br>എത്തിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | അസുഖ ബാധിതരായ കുട്ടികളുടെ ആരോഗ്യം കണക്കിലെടുത്ത് പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ? | (സി) | 1. ഇൻസുലിൻ എടുക്കുന്ന കുട്ടികൾക്ക് വൃത്തിയുള്ളതും സ്വകാര്യതയുള്ളതുമായമുറി/ സ്ഥലം സ്കൂളിൽ നിർബന്ധമായും ഒരുക്കേണ്ടതാണ്.<br><br>2. ടൈപ്പ് വൺ പ്രമേഹമുള്ള ഒരു കുട്ടിക്ക് ഉച്ചക്ക് മുൻപും വൈകുന്നേരവും ലഘുഭക്ഷണംകഴിക്കുന്നതിന് വേണ്ടിയുള്ള സൗകര്യങ്ങൾ ക്ലാസ് ടീച്ചർ ചെയ്ത് കൊടുക്കേണ്ടതാണ്.<br><br>3. ടൈപ്പ് വൺ പ്രമേഹമുള്ള കുട്ടികൾക്ക് അവരുടെ സ്കൂൾ പരീക്ഷകൾക്കും മറ്റ് മത്സരപരീക്ഷകൾക്കും താഴെപറയും പ്രകാരം ആവശ്യമായ അനുവാദങ്ങൾ നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | പഞ്ചസാര ഗുളികകൾ കൈവശം കരുതുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.<br><br>ടൈപ്പ് വൺ പ്രമേഹമുള്ള കുട്ടികൾ മരുന്നുകൾ/ പഴങ്ങൾ, ലഘുഭക്ഷണങ്ങൾ, കുടിവെള്ളം, ബിസ്കറ്റ്, നിലക്കടല, ഡ്രൈഫ്രൂട്ട്സ് എന്നിവ പരീക്ഷാ ഹാളിൽ കൊണ്ടുവരുന്നതിന് അനുവദിക്കുകയും ഈ വക സാധനങ്ങൾ ഇൻവിജിലേറ്റർ / അധ്യാപകൻ പരിശോധിച്ച് കുട്ടികളുടെ കൈവശം തന്നെ സൂക്ഷിക്കുവാൻ അനുവദിക്കുകയും, ആവശ്യമെങ്കിൽ ആയവ പരീക്ഷാ സമയത്ത് കുട്ടികൾക്ക് ഭക്ഷിക്കുന്നതിനുള്ള അനുവാദവും നൽകിയിട്ടുണ്ട്.<br><br>ടൈപ്പ് വൺ പ്രമേഹം ഉള്ള കുട്ടികൾക്ക് ഗ്ലൂക്കോമീറ്റർ, ഗ്ലൂക്കോസ് ടെസ്റ്റിങ്ങ് സ്ട്രിപ്പ് എന്നിവ പരീക്ഷാ ഹാളിൽ കൊണ്ടു പോകുന്നതിനുള്ള അനുവാദം നൽകുകയും അ ഇൻവിജിലേറ്റർ/ അദ്ധ്യാപകൻ വശം സൂക്ഷിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഇത്തരം കുട്ടികൾക്ക് പരീക്ഷയ്ക്ക് ഇടയിൽ ആവശ്യമെങ്കിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് പരിശോധിക്കാനും ആഹാര വസ്തുക്കൾ ആവശ്യാനുസരണം കഴിക്കാനും കുട്ടിയെ അനുവദിക്കുന്നുണ്ട്<br><br>(Continous Glucose Monotoring (CGM), Flash Glucose Monotoring (FGM), ഇൻസുലിൻ പമ്പുകൾ എന്നിവ പരീക്ഷാ വേളയിലും ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഒരു സ്മാർട്ട് ഫോൺ റീഡറായ ഉപയോഗിക്കുക യാണെങ്കിൽ, രക്തത്തിലെ പഞ്ചസാരയുടെ അളവ് നിരീക്ഷിക്കാൻ അത് അധ്യാപകൻ/ ഇൻവിജിലേറ്റർക്ക് കൈമാറുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>4. കുട്ടിക്ക് വൈദ്യസഹായം ആവശ്യമെന്ന് തോന്നുന്ന വേളയിൽ രക്ഷകർത്താവിനെ വിവരം അറിയിക്കേണ്ടതും അടിയന്തരമായി അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ<br><br>എത്തിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ